


# ആയുഷ്മാൻ സഹകാർ

**സഹകരണ മേഘലയിൽ നടപ്പാക്കുന്ന എൻ.സി.ഡി.സി യുടെ സമഗ്ര ആരോഗ്യ അടിസ്ഥാന വികസന, വിദ്യാഭ്യാസ പദ്ധതി**

www.ncdc.in

## എൻ.സി.ഡി.സി (NCDC),

രാജ്യത്ത് സഹകരണ മേഘലയുടെ ഉന്നമനത്തിനായി കേന്ദ്ര സർകാർ 1963 ൽ പാർലിമെന്റ് ആക്ട് പ്രകാരം സ്ഥാപിച്ച ഒരു അപെക്സ് സ്വയംഭരണ വികസന ധനകാര്യ സ്ഥാപനമാണ് **നാഷനൽ കോപറേറ്റീവ് ഡവലപ്മെന്റ് കോർപ്പറേഷൻ (NCDC).** സഹകരണ തത്വം അടിസ്ഥാനപ്പെടുത്തി കാർഷിക ഉൽപന്നങ്ങൾ, ഭക്ഷ്യവസ്തുക്കൾ, വ്യാവസായിക വസ്തുക്കൾ, കന്നുകാലികൾ, തുടങ്ങിയവയുടെ ഉത്പാദനം, സംസ്കരണം, വിപണനം, സംഭരണം, കയറ്റുമതി, ഇറക്കുമതി എന്നിവ കൂടാതെ, ആശുപത്രി, ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം തുടങ്ങിയ സേവനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനു മായാണ് **എൻ.സി.ഡി.സി** രൂപീകൃതമായതു. സഹകരണ സ്ഥാപനങ്ങൾക്ക് ആരോഗ്യ മേഘലയിൽ മഹത്തായ സംരംഭങ്ങൾ നടപ്പാക്കുന്നതിന്നു വേണ്ടി, **എൻ.സി.ഡി.സി ഇപ്പോൾ ഒരു നൂതന ആരോഗ്യ പരിരക്ഷ സ്കീം പ്രാവർത്തീക മാക്കിയിരിക്കയാണ് .**

സഹകരണസംഘങ്ങൾക്ക് വൈവിധ്യമാർന്ന ഉൽപ്പന്നങ്ങളും സേവനങ്ങളും നൽകുന്ന ഒരു സാമ്പത്തിക ശക്തി കേന്ദ്രമായി എൻസിഡിസി മാറി. ഇത് ഒരു ഐഎസ്ഒ 9001: 2015 സർട്ടിഫൈഡ് ഓർഗനൈസേഷനാണ്.

എൻ.സി.ഡി.സി.യുടെ 18 റീജിയണൽ ഓഫീസുകൾ മുഖാന്തിരമമോ അല്ലെങ്കിൽ ന്യൂഡൽഹിയിലെ ഹെഡ് ഓഫീസ് വഴിയോ ലളിതവും സുതാര്യവും കരുത്തുറ്റതുമായ സംവിധാനത്തിലൂടെയാണ് പദ്ധതി നിർദേശങ്ങളുടെ **(Proposals)** മൂല്യനിർണ്ണയവും അംഗീകാരങ്ങളും ചെയ്യുന്നത്. സഹകരണ സ്ഥാപനങ്ങൾക്ക് ഏറ്റവും അനുയോജ്യവും വിശ്വാസ്യതയുമുള്ള ധനകാര്യ സ്ഥാപനമാണ് എൻ.സി.ഡി.സി.

## ആയുഷ്മാൻ സഹകാർ

ആശുപത്രി, ആരോഗ്യ സംരക്ഷണം, ആരോഗ്യ വിദ്യാഭ്യാസം **തുടങ്ങിയ സേവനങ്ങൾ, കേന്ദ്ര കൃഷി സഹകരണ കർഷകക്ഷേമ മന്ത്രാലയത്തിന്റെ അംഗീകാരത്തോടെ,** എൻസിഡിസി യുടെ ആക്ടിൽ ഉൾപ്പെടുത്തി ഗസറ്റ് നോട്ടിഫിക്കേഷൻ നടത്തിയിട്ടുണ്ട്. ഈ മേഘലകളിൽ എൻസിഡിസി സാമ്പത്തിക സഹായം നല്കി വരുന്നു.

> **എൻ.സി.ഡി.സി.യുടെ ധനസഹായത്തോടെ പ്രാഥമിക, ദ്വിതീയ, തൃതീയ നിലകളിൽ ഉൾപ്പെട്ട ആരോഗ്യസംരക്ഷണ സ്ഥാപനങ്ങൾ നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ വിജയകരമായി പൊതുജനങ്ങളെ സേവിക്കുന്നു.**

## ലക്ഷ്യങ്ങൾ

രാജ്യത്തിന്നു വേണ്ടി ബഹുമാനപ്പെട്ട പ്രധാനമന്ത്രി 2020 ഓഗസ്റ്റ് 15 ന് ദേശീയ ഡിജിറ്റൽ ഹെൽത്ത് മിഷൻ (**National Digital Health Mission**) പ്രഖ്യാപിച്ചു. സാങ്കേതിക പങ്കാളിത്തം കാരണം ഈ സംരംഭം ഇന്ത്യയുടെ ആരോഗ്യ സംരക്ഷണ മേഘലയിൽ കാര്യമായ പരിവർത്തനം വരുത്തുകയും ചികിൽസ ലഭിക്കുന്നതിന്നു ജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങൾക്കു പരിഹാരം കാണാനുമാവും.

ദേശീയ ഡിജിറ്റൽ ഹെൽത്ത് മിഷനു (**National Digital Health Mission**) അനുസൃതമായി എൻസിഡിസിയുടെ "ആയുഷ്മാൻ സഹകാർ", ഗ്രാമീണ മേഖലയിലെ അവരുടെ ശക്തമായ സാന്നിധ്യം മൂലം, ഈ പദ്ധതി ഉപയോഗപ്പെടുത്തുന്ന സഹകരണസംഘങ്ങൾ സമഗ്ര സേവനങ്ങളിൽ വിപ്ലവകരമായ മാറ്റങ്ങൾ സൃഷ്ടികാൻ സാധിക്കും. ആരോഗ്യ വ്യവസ്ഥയെ ബലപ്പെടുത്തുന്നതിന് വേണ്ടിയുള്ള 2017ലെ ദേശീയ ആരോഗ്യ നയത്തിന്റെ വീക്ഷണകോണിനോട് ചേര്ന്ന്, ആരോഗ്യ പരിരക്ഷക്കു വേണ്ടുന്ന തരത്തിലുള്ള ആരോഗ്യമേഖലയിലെ നിക്ഷേപം, ആരോഗ്യ സേവനങ്ങളുടെ കരുതൽ, സാങ്കേതികവിദ്യകളിലേക്കുള്ള പ്രവേശനം, മാനവ വിഭവശേഷി വികസനം, മെഡിക്കൽ ബഹുസ്വരതയുടെ പ്രോത്സാഹനം, ജനങ്ങൾക്ക് താങ്ങാനാവുന്ന ആരോഗ്യ പരിരക്ഷ തുടങ്ങിയവക്കു ഊന്നൽ നല്കുന്നതിന്നു ഒരു സമഗ്ര വീക്ഷണം ആവശ്യമമാണ്. സാമ്പത്തിക പരിമിതി മൂലം എംബിബിഎസ്, ബിഡിഎസ്, ബിഎംഎസ്, ബിഎച്ച്എംഎസ്, ബിപിടി, ബി.യു.എം.എസ്, പിജി / ഡിഎൻബി പ്രോഗ്രാമുകൾ എന്നിവ വാഗ്ദാനം ചെയ്യുന്ന കോളേജുകൾ ഉൾപ്പെടെ മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ പുതിയ മേഘലകളിൽ കടന്നു ചെല്ലാൻ പല സഹകരണ ആശുപത്രികളും ബുദ്ധിമുട്ടു അനുഭവിക്കുന്നുണ്ട്. ഇത് പരിഹരിക്കാൻ "**ആയുഷ്മാൻ സഹകാർ" എന്ന പേരിലുള്ള ഒരു പദ്ധതി** എൻ.സി.ഡി.സി വിഭാവനം ചെയ്തു കഴിഞ്ഞിരിക്കയാണ്. ഈ **പദ്ധതിയുടെ ലക്ഷ്യങ്ങൾ ഇവയാണ്:**

a) താങ്ങാനാവുന്നതും സമഗ്രവുമായ ആരോഗ്യ സംരക്ഷണം നൽകാൻ കഴിയുന്ന ആശുപത്രികൾ / ആരോഗ്യ സംരക്ഷണം / മെഡികൽ വിദ്യാഭ്യാസം, എന്നിവ തുടങ്ങുന്നതിനു സഹകരണസംഘങ്ങളെ സഹായിക്കുക.
b) സഹകരണ സംഘങ്ങളെ ആയുഷ് സൗകര്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സഹായിക്കുക
c) ദേശീയ ആരോഗ്യ നയത്തിന്റെ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് സഹകരണ സംഘങ്ങളെ സഹായിക്കുക
d) **നാഷണൽ ഡിജിറ്റൽ ഹെൽത്ത് മിഷനിൽ പങ്കെടുക്കാൻ സഹകരണ സംഘങ്ങളെ സഹായിക്കുക.**
e) മെഡികൽ വിദ്യാഭ്യാസം, സേവനങ്ങൾ, ഇൻഷുറൻസ് തുടങ്ങിയവ ഉൾപ്പെട്ട സമഗ്ര ആരോഗ്യ സംരക്ഷണം തുടങ്ങുന്നതിന്നു വേണ്ടി സഹകരണസംഘങ്ങളെ സഹായിക്കുക.

**"എല്ലാവർക്കും ഗുണനിലവാരമുള്ള ആരോഗ്യ പരിരക്ഷയുള്ള ആരോഗ്യകരമായ ഒരു ഇന്ത്യ സൃഷ്ടിക്കാനുള്ള ഞങ്ങളുടെ ശ്രമത്തിന്റെ ചരിത്രപരമായ നിമിഷമാണ് ദേശീയ ആരോഗ്യ നയം അടയാളപ്പെടുത്തുന്നത്"**

ബഹുമാനപ്പെട്ട പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി

## ആയുഷ്മാൻ സഹകാറിൽ ഉൾപ്പെട്ട ഘടകങ്ങൾ

1) **അടിസ്ഥാന സൌകര്യവികസനം**: താഴെ കൊടുത്ത മേഘലകളിൽ പുതിയ പ്രോജക്റ്റ് സ്ഥാപിക്കൽ, നിലവിലുള്ളത് നവീകരണം/ വിപുലീകരണം/ അറ്റകുറ്റപ്പണികൾ, ആശുപത്രിയുടെ നവീകരണം, ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസ അടിസ്ഥാന സൌകര്യങ്ങൾ, **തുടങ്ങിയ സംരംഭങ്ങൾക്ക്**:

   a) താഴെ കൊടുത്ത **ഉദ്യമങ്ങൾക്ക് എല്ലാത്തരത്തിലുള്ള അടിസ്ഥാന സൌകര്യവികസനം**

      i. UG കൂടാതെ / അല്ലെങ്കിൽ PG പ്രോഗ്രാമുകൾ പ്രവർത്തിപ്പിക്കുന്നതിനായി ആശുപത്രികളും കൂടാതെ / അല്ലെങ്കിൽ മെഡിക്കൽ / ആയുഷ് / ഡെന്റൽ / നഴ്സിംഗ് / ഫാർമസി / പാരാമെഡിക്കൽ / ഫിസിയോതെറാപ്പി കോളേജുകൾ
      ii. യോഗ സെന്റർ
      iii. ആയുർവേദം, അലോപ്പതി, യുനാനി, സിദ്ധ, ഹോമിയോപ്പതി, മറ്റ് പരമ്പരാഗത വൈദ്യശാസ്ത്ര ആരോഗ്യ കേന്ദ്രങ്ങൾ
      iv. വയോജന **ആരോഗ്യ പരിരക്ഷ**
      v. പാലിയേറ്റീവ് സേവനങ്ങൾ
      vi. **ഭിന്നശേഷിക്കാരകുള്ള ആരോഗ്യ പരിരക്ഷ**
      vii. **മാനസീക ആരോഗ്യ പരിരക്ഷ**
      viii. **അത്യാഹിത ആരോഗ്യ പരിരക്ഷ / ട്രോമ കെയർ**
      ix. ഫീസിയോ തേറപ്പി
      x. മൊബൈൽ ക്ലിനിക്
      xi. ഹെൽത്ത് ക്ലബ് / ജിംനാസിയം
      xii. ആയുഷ് മരുന്നുൽപാദനം
      xiii. മരുന്ന് ടെസ്റ്റിങ് ലബോറട്ടറി
      xiv. ദന്ത പരിരക്ഷ
      xv. കണ്ണാശുപത്രി
      xvi. ലബോറട്ടറി സേവനം
      xvii. ഡയഗ്നോസ്റ്റിക്സ് സേവനങ്ങൾ
      xviii. ബ്ലഡ് ബാങ്ക്
      xix. പഞ്ചകർമ്മ / ത്വക് പരിരക്ഷ (തൊക്കനം)/ ക്ഷാര സൂത്ര തെറാപ്പി
      xx. റെജിമെന്റൽ തെറാപ്പി
      xxi. മാതൃ ആരോഗ്യ, ശിശു സംരക്ഷണ സേവനങ്ങൾ
      xxii. പ്രത്യുത്പാദന, ശിശു ആരോഗ്യ സേവനങ്ങൾ
      xxiii. എൻസിഡിസി അനുയോജ്യമെന്ന് കരുതുന്ന മറ്റേതെങ്കിലും അനുബന്ധ കേന്ദ്രം അല്ലെങ്കിൽ സേവനങ്ങൾ

   b) ടെലിമെഡിസിൻ, വിദൂര സഹായ മെഡിക്കൽ നടപടിക്രമങ്ങൾ
   c) ലോജിസ്റ്റിക്സ് ആരോഗ്യം, ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം
   d) ഡിജിറ്റൽ ആരോഗ്യവുമായി ബന്ധപ്പെട്ട വിവര, ആശയവിനിമയ സാങ്കേതികവിദ്യ
   e) IRDA അനഗീകരിച്ച ആരോഗ്യ ഇൻഷൂറൻസ്



2) **<u>മാർജിൻ മണി</u>**: മുകളിലുള്ള ഖണ്ഡിക 1 ൽ സൂചിപ്പിച്ചവയുമായി ബന്ധപ്പെട്ട് ദൈനംദിന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പ്രവർത്തന മൂലധനം സമാഹരിക്കുന്നതിനുള്ള മാർജിൻ പണം
3) **<u>പ്രവർത്തന മൂലധനം</u>**: ദൈനംദിന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പ്രവർത്തന മൂലധനം

## യോഗ്യത

ആരോഗ്യസംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് ബൈലോകളിൽ ഉചിതമായ വ്യവസ്ഥയുള്ള ഏതൊരു സഹകരണ സ്ഥാപനത്തിന്നും എൻസിഡിസി **<u>പദ്ധതി പ്രയോജന പ്പെടുത്താൻ പറ്റും</u>**.

എൻസിഡിസി സഹായം സംസ്ഥാന സർക്കാരുകൾ / UT Administration വഴിയോ അല്ലെങ്കിൽ യോഗ്യതയുള്ള സഹകരണ സംഘങ്ങളിലേക്കു നേരിട്ടോ ലഭിക്കും.

ഇന്ത്യാ ഗവൺമെന്റിന്റെയോ സംസ്ഥാന സർക്കാറിന്റെയോ മറ്റേതെങ്കിലും ഫണ്ടിംഗ് ഏജൻസിയുടെയോ വേറെ സ്കീമുകൾ ഈ സ്കീമു മായി സംയോജിപ്പിക്കാം
.

## പദ്ധതി അടങ്കൽ തുക

പ്രൊജെക്ടിന് ആവശ്യമായ തുക.

## വായ്പ കാലയളവ്

ലോൺ തിരിച്ചടയ്ക്കുന്നതിനുള്ള 1-2 വർഷത്തെ മൊറട്ടോറിയം ഉൾപ്പെടെ, പ്രോജക്ടിന്റെ തരത്തെയും വരുമാന കാര്യക്ഷമതയെയും ആശ്രയിച്ച് 8 വർഷത്തേക്ക് വായ്പയുടെ കാലാവധി,

## പലിശ നിരക്ക്

കാലാകാലങ്ങളിൽ ഭേദഗതി വരുത്തിയ പലിശനിരക്കിനായുള്ള എൻസിഡിസി സർക്കുലർ പ്രകാരം. ഒരു പ്രോത്സാഹനമെന്ന നിലയിൽ, സമയബന്ധിതമായി തിരിച്ചടവ് നടത്തിയാൽ, വായ്പയുടെ മുഴുവൻ കാലാവധിയിലും വനിതാ അംഗങ്ങൾ ഭൂരിപക്ഷമുള്ള വായ്പക്കാരായ സഹകരണ സൊസൈറ്റിയുടെ കാര്യത്തിൽ പദ്ധതി പ്രവർത്തനങ്ങൾക്കായി ടേം ലോണിന് ബാധകമായ പലിശനിരക്കിനേക്കാൾ 1% കുറവ് എൻസിഡിസി നൽകും.

## വായ്പ സുരക്ഷ

എൻസിഡിസി സഹായം സംസ്ഥാന സർക്കാർ വഴിയോ നേരിട്ടുള്ള ധനസഹായത്തിലൂടെയോ നൽകുന്നു. നേരിട്ടുള്ള ധനസഹായത്തിന്റെ കാര്യത്തിൽ, എൻസിഡിസിയുടെ സംതൃപ്തിക്കായി സഹകരണ സ്ഥാപനങ്ങൾ താഴെ പറയുന്ന ഏതെങ്കിലും ഒന്നോ അല്ലെങ്കിൽ ഒന്നിലതികം സുരക്ഷ ഘടകങ്ങൾ സംയോജിപ്പിച്ചു കൊണ്ടോ, വായ്പയ്ക്ക് സുരക്ഷ ചെയ്യാവുന്നതാണ്.

a) എൻസിഡിസി വായ്പയുടെ 1.5 മടങ്ങ് വരെ പദ്ധതി പ്രകാരം സൃഷ്ടിക്കേണ്ട ആസ്തികൾ ഉൾപ്പെടെയുള്ള ആസ്തികളുടെ പണയം;
b) സംസ്ഥാന / കേന്ദ്ര സർക്കാർ ഗ്യാരണ്ടി
c) എൻസിഡിസി വായ്പയുടെ 1.2 മടങ്ങ് വരെ ഷെഡ്യൂൾഡ് ബാങ്കുകളുടെ / ദേശസാൽകൃത ബാങ്കുകളുടെ സ്ഥിര നിക്ഷേപ രസീതുകളുടെ പണയം.
d) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ / സ്റ്റാറ്റ്യൂട്ടറി ബോഡികൾ / സിഎസ്ആർ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഗ്യാരണ്ടി;
e) ഷെഡ്യൂൾ ചെയ്ത ബാങ്കുകളിൽ നിന്നും ദേശസാൽകൃത ബാങ്കുകളിൽ നിന്നും ഗ്യാരണ്ടി
f) എൻസിഡിസി വായ്പയുടെ 1.2 മടങ്ങ് വരെ സർക്കാർ ബോണ്ടുകൾ / സെക്യൂരിറ്റികളുടെ പണയം

## സബ്സിഡി

ഇന്ത്യാ ഗവൺമെന്റിന്റെയോ സംസ്ഥാന സർക്കാറിന്റെയോ മറ്റേതെങ്കിലും ഫണ്ടിംഗ് ഏജൻസിയുടെയോ അല്ലെങ്കിൽ മറ്റേതെങ്കിലും സംവിധാനം വഴിയോ സബ്സിഡി / ഗ്രാന്റ് / വിജിഎഫ് / തുടങ്ങിയവ ലഭ്യമാണെങ്കിൽ, എൻസിഡിസി വായ്പ സഹായതോടൊപ്പം സംയോജിപ്പിച്ച് നല്കും .

## ഫണ്ടിങ് മാതൃക

ഇനിപ്പറയുന്ന ഫണ്ടിംഗ് പാറ്റേൺ ഉപയോഗിച്ച് പ്രോജക്റ്റുകളെ എൻസിഡിസി പിന്തുണയ്ക്കും:

## അടിസ്ഥാന സൌകര്യ വികസനം (Project Facilities )

| **ആയുഷ്മാൻ സഹകാർ - ഫണ്ടിങ് മാതൃക - അടിസ്ഥാന സൌകര്യ വികസനം** | | | | | |
|---|---|---|---|---|---|
| **സംസ്ഥാന സർക്കാർ വഴിയുള്ള ധനസഹായം** | | | | **നേരിട്ടുള്ള ധന സഹായം** | |
| **എൻ. സി. ഡി. സി യിൽ നിന്നു സംസ്ഥാന സർകാരിലേക്ക്** | | **സംസ്ഥാന സർകാറിൽ നിന്നു സൊസൈറ്റി യിലേക്ക്** | | | |
| വായ്പ (Loan)* | 90% | വായ്പ (Loan) * | 50% | വായ്പ (Loan) * | 70% |
| | | ഓഹരി മൂലധനം * | 40% | | |
| | | സംഘത്തിന്റെ പങ്ക് /ഷെയർ | 10% | സംഘത്തിന്റെ പങ്ക് /ഷെയർ | 30% |

* ഇന്ത്യാ ഗവൺമെന്റിന്റെയോ സംസ്ഥാന സർക്കാറിന്റെയോ മറ്റേതെങ്കിലും ഫണ്ടിംഗ് ഏജൻസിയുടെയോ കീഴിലുള്ള സബ്സിഡി / ഗ്രാന്റ് ലഭ്യമാവുകയാണെങ്കിൽ, വായ്പ തുക ആനുപാതികമായി കുറയ്ക്കും

** ഓഹരി മൂലധനം സംസ്ഥാന സർക്കാർ സംഭാവന ചെയ്യുന്നില്ലെങ്കിൽ, അത് (40%) സൊസൈറ്റിക്ക് വായ്പയായി കൈമാറും

## മാർജിൻ മണി

| ആയുഷ്മാൻ സഹകാർ - ഫണ്ടിങ് മാതൃക - മാർജിൻ മണി (Margin Money ) | | | | | |
|---|---|---|---|---|---|
| സംസ്ഥാന സർക്കാർ വഴിയുള്ള ധനസഹായം | | | | നേരിട്ടുള്ള ധന സഹായം | |
| എൻ. സി. ഡി. സി യിൽ നിന്നു സംസ്ഥാന സർക്കാരിലേക്ക് | | സംസ്ഥാന സർക്കാറിൽ നിന്നു സൊസൈറ്റി യിലേക്ക് | | | |
| ബാങ്കിൽ നിന്നു പ്രവർത്തന മൂലധനം നേടുന്നതിന് മാർജിൻ മണിക്ക് *** വേണ്ടുള്ള വായ്പ (Loan) * | 100% | വായ്പ * / ഓഹരി മൂലധനം അല്ലെങ്കില് വായ്പയും ഓഹരിയും ചേർത്ത് * | 100% | വായ്പ (Loan ) * | 100% |

* ഇന്ത്യാ ഗവൺമെന്റിന്റെയോ സംസ്ഥാന സർക്കാറിന്റെയോ മറ്റേതെങ്കിലും ഫണ്ടിംഗ് ഏജൻസിയുടെയോ കീഴിലുള്ള സബ്സിഡി / ഗ്രാന്റ് ലഭ്യമാവുകയാണെങ്കിൽ, വായ്പ തുക ആനുപാതികമായി കുറയ്ക്കും

*** യോഗ്യത വിലയിരുത്തലിന് വിധേയമായാണ് മാർജിൻ മണി സഹായത്തിന്റെ അളവ് കണക്കാക്കുന്നത്

## പ്രവർത്തന മൂലധനം

| ആയുഷ്മാൻ സഹകാർ - ഫണ്ടിങ് മാതൃക - പ്രവർത്തന മൂലധനം | | |
|---|---|---|
| സംസ്ഥാന സർക്കാർ വഴിയുള്ള ധനസഹായം | | നേരിട്ടുള്ള ധന സഹായം |
| എൻ. സി. ഡി. സി യിൽ നിന്നു സംസ്ഥാന സർക്കാരിലേക്ക് | സംസ്ഥാന സർക്കാറിൽ നിന്നു സൊസൈറ്റി യിലേക്ക് | |
| പദ്ധതിക്ക് ആവശ്യമായ വായ്പ (Loan ) | വായ്പ (Loan ) | വായ്പ (Loan ) |

## കൃത്യതയാർന്ന പരിശോധന

ഏതെങ്കിലും പദ്ധതി അനുവദിക്കുന്നതിനുമുമ്പ് എൻസിഡിസി അതിന്റെ കൃത്യതയാർന്ന പരിശോധനയും മൂല്യനിർണ്ണയ രീതിയും സ്വീകരിക്കുന്നതാണ്.

മറ്റ് എൻ.സി.ഡി.സി സ്കീമുകൾ, സഹായ രീതികൾ, മാനദണ്ഡങ്ങൾ, എൻസിഡിസി ഫണ്ടിംഗ് ലഭിക്കുന്നതിനുള്ള പൊതു മാനദണ്ഡങ്ങൾ, പൊതു അപേക്ഷാ ഫോം തുടങ്ങിയവയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക്, ദയവായി www.ncdc.in സന്ദർശിക്കുക.

അല്ലെങ്കിൽ വെബ്സൈറ്റിൽ ലഭ്യമായ വിലാസങ്ങളിലും കോൺടാക്റ്റ് നമ്പറുകളിലും എൻസിഡിസി പ്രാദേശിക ഓഫീസുകളുമായോ ഹെഡ് ഓഫീസ് മായോ ബന്ധപ്പെടാവുന്നതാണ്.



# ആയുഷ്മാൻ സഹകാർ


ദേശീയ സഹകരണ വികസന കോർപ്പറേഷൻ

കൃഷി, കർഷകക്ഷേമ മന്ത്രാലയം

ഭാരത സർക്കാർ

4, സിരി ഇൻസ്റ്റിറ്റ്യൂഷണൽ ഏരിയ,

ഹൌസ് ഖാസ് , ന്യൂഡൽഹി 110016, ഇന്ത്യ